**19001294**

19001294

**Reg. No..................................**

**Name.......................................**

# M.A. DEGREE (C.S.S.) EXAMINATION, APRIL 2019

**Fourth Semester**

Faculty of Language and Literature

Branch II—Malayalam

## PE 3—**സ്ത്രീപക്ഷ രചനകൾ**

Time : Three Hours — Maximum Weight : 30

I. ഒരു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിനുത്തരമെഴുതുക :

1 സിമോൺ ദി ബുവെ മുന്നോട്ടു വയ്ക്കുന്ന സ്ത്രീവാദ ചിന്തകൻ എന്ത് ?

2 പാരിസ്ഥിതിക സ്ത്രീവാദത്തിൻെറ സാഹിത്യഭൂമികയെന്ത് ?

3 'ദലിത് സ്ത്രീവാദം' എന്നാലെന്ത് ? നിർവ്വചിക്കുക.

4 'അപ്ഫൻെറ മകൾ' എന്ന കൃതിയിലെ സ്ത്രീ സ്വത്വം നേരിടുന്ന പ്രശ്നഭൂമികയുടെ സാമൂഹിക പശ്ചാത്തലമെന്ത് ?

5 രാജലക്ഷ്മിയുടെ കഥകളിൽ വ്യക്തമാകുന്ന സ്വത്വനിരാകരണം മലയാളിയെ സ്വാധീനിച്ചിട്ടുണ്ടോ ?

6 കരിപുരണ്ട ലോകവും സ്ത്രീയുടെ സ്വപ്നവും വി.എം. ഗിരിജ കവിതയിൽ സാക്ഷാത്കരിക്കുന്നതെങ്ങനെ ?

7 സ്ത്രീവാദ ചിന്തകൾ കേരളത്തിൽ പ്രബലമായ കാലഘട്ടത്തെപ്പറ്റി വിവരിക്കുക.

8 'പഞ്ചകന്യകക'ളിലെ പ്രമേയപരമായ സാധ്യതയെന്ത് ?

(5 × 1 = 5 marks)

II. രണ്ടു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിനുത്തരം എഴുതുക :

9 'പെൺകുഞ്ഞ് 20' എന്ന കവിതയിലെ സ്ത്രീവാദപരമായ ചിന്തകളെ അനാവരണം ചെയ്യുക.

10 'മോഹമഞ്ഞ' സ്ത്രീയുടെ സ്വത്വാവിഷ്കാര പ്രധാനമായി ചർച്ച ചെയ്യപ്പെടുന്ന കൃതിയാണോ ?

11 ചരിത്രത്തിൻെറ മറവിലുള്ള സ്ത്രീപ്രതിനിധാനങ്ങളെപ്പറ്റി ഗീതയുടെ വിലയിരുത്തലുകൾ എന്തെല്ലാം ?

12 സാമൂഹിക സ്ത്രീവാദത്തെപ്പറ്റി ചുരുക്കി പ്രതിപാദിക്കുക.

13 നവോത്ഥാനകാലത്തെ കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളെപ്പറ്റി ചുരുക്കി വിവരിക്കുക.

14 ബാലാമണിയമ്മയുടെ കവിതകളിലെ സ്ത്രീപ്രാതിനിധ്യത്തിൻെറ സവിശേഷമുഖം പരിചയപ്പെടുത്തുക.

**Turn over**

15 ഇക്കോഫെമിനിസത്തിന് മലയാള കഥാലോകത്തുണ്ടായ സ്വാധീനം വിലയിരുത്തുക.

16 19-ാം നൂറ്റാണ്ടിലെ സാമൂഹിക-സാമുദായിക പരിഷ്കരണ പ്രവർത്തനങ്ങളിലെ സ്ത്രീസാന്നിധ്യത്തെ അടയാളപ്പെടുത്തുക.

(5 × 2 = 10)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

17 ആധുനികാനന്തര മലയാള കവിതയിലെ പാരിസ്ഥിതി ഫെമിനിസത്തിന് ആമുഖം തയ്യാറാക്കുക.

**അല്ലെങ്കിൽ**

18 പുരുഷകേന്ദ്രീകൃത വ്യവസ്ഥിതിയുടെ ഭാഗമായി സ്ത്രീയെ നോക്കിക്കാണുന്ന ചലച്ചിത്ര കൃതികളെ വിമർശനാത്മകമായി പരിശോധിക്കുക.

19 ഫെമിനിസത്തെ സാംസ്കാരിക പഠനമേഖലയുമായി ബന്ധപ്പെടുത്തുക.

**അല്ലെങ്കിൽ**

20 ദക്ഷിണാഫ്രിക്കയിലെ വിമോചനകാല കവിതകളുടെ പൊതുസ്വഭാവം എന്തെല്ലാം ?

21 സ്ത്രീരചന, സ്ത്രീപക്ഷരചന, സ്ത്രീവാദരചന എന്നീ പരികല്പനകളിലുള്ള അന്തരം സാഹിത്യകൃതികളെ മുൻനിറുത്തി പരിശോധിക്കുക.

**അല്ലെങ്കിൽ**

22 സ്ത്രീവിമോചനവാദവുമായി ബന്ധപ്പെട്ട 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിന്റെ പ്രമേയത്തെ വിശകലനം ചെയ്യുക.

(3 × 5 = 15)